Mr. Komilezhathu Sankaran: I demand a poll.

A poll was taken and the House divided as follows:—

AYES.

1 Mr. J. John Kattakayam	3 Mr. K. P. Nilakanta Pillai
2 ,, M. N. Narayana Menon	4 ,, P. Padmanabhan Tampi

NOES.

1 Rao Bahadur Dr. N. Kunjan Pillai	11 Mr. Komilezhathu Sankaran
2 Mr. K. N. Kesava Pillai	12 ,, K. Rama Varma Raja
3 Rao Bahadur A. Rengasvami Aiyar	13 ,, Tariatu Kunjitomman
4 Mr. K. George	14 ,, C. M. Joseph
5 ,, N. K. Padmanabha Pillai	15 ,, Kochikal P. Balakrishnan Tampi
6 ,, Kayalam Paramesvaran Pillai	16 ,, H. O. L. Marikar
7 ,, R. Pitchu Aiyangar	17 ,, Eeric Hall
8 ,, C. O. Madhavan	18 ,, K. N. Kesavan Namputiripad
9 ,, C. V. Chandrasekharan	19 ,, S Piraviperumal Pillai
10 ,, R. Dhannkoti Pillai	

NEUTRALS.

1 Mr. E. P. Varghese	6 Mr. G. Narayana Aiyar
2 ,, A. N. Visvanatha Pillai	7 ,, K. Padmanabha Panickar
3 ,, K. Sankaralingam Pillai	8 ,, N. K. Padmanabha Pillai
4 ,, K. Madhavan Pillai	
5 ,, Sayed M. Bava	

Mr. K. P. Nilakanta Pillai: Is it for the purpose of recording the neutrals that this was allowed?

Chairman: The result of the poll is 4 for the motion 19 against and 8 neutral. The motion is lost.

Now I put the original demand to the vote of the House, *viz.*, Demand IX—Police for Rs. 7,48,422.

The motion was carried.

The grant was made.

DEMAND X—FOREST.

Mr. R. Dhanukoti Pillai (*Conservator of Forests*): Sir I rise to move for a grant not exceeding Rs. 7,52,848 under Demand X—Forest.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam : സർ, ഈഡിപ്പാർട്ടുമെൻറിലെ ഭരണവൈകല്യങ്ങളെ ഈ സഭയുടെ മുമ്പാകെകൊണ്ടുവരണമെന്നാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുദ്ദേശിക്കുന്നത്. ഈ രാജ്യത്തെ മൂന്നിൽ ഒരു ഭാഗവും വനമാണ്. കഴിഞ്ഞലോകമഹായുദ്ധകാലത്തു ആഹാരസാധനങ്ങളുടെ ദൌർലഭ്യം നിമിത്തമുണ്ടായ കഷ്ടതകൾ നാം നന്നായി അറിഞ്ഞുകഴിഞ്ഞു. ഇപ്പോൾ ആഹാരസാധനങ്ങൾ പുറത്തുനിന്നും വരുന്നതുകൊണ്ടു നാം അറിയുന്നില്ല. ഇനിയൊരുമഹായുദ്ധം വരികയുംനമുക്കു വെളിയിൽനിന്നു ആഹാരസാധനങ്ങൾ കിട്ടാതെവരികയും ചെയ്താൽ നമ്മുടെ അന്നത്തെസ്ഥിതി എന്തായിരിക്കും? നമ്മുടെ സ്ഥിതിഗതികളെപരിരക്ഷിക്കുന്നതിനുള്ള പദ്ധതികളെവേണ്ടുംവണ്ണം ആരാഞ്ഞറിഞ്ഞുരൂപീകരിക്കേണ്ടതാണ്.

മലകൾക്കുകുത്തു മലമ്പനിയില്ലെന്നാണ് വിദഗ്ധനായ കൺസർവേറ്റർ അവർകൾ പറയുന്നത്. സാധാരണ മലംപ്രദേശങ്ങളിലാണ് മലമ്പനിഉള്ളത്, അതുമലകളുടെ സാമീപ്യം കൊണ്ടാണതാനും. ഫാറസ്റ്റിനുള്ളിൽ ആളുകൾപ്രവേശിച്ചു് അതുവെട്ടിത്തെളിക്കുന്നതോടുകൂടിമലമ്പനിയും മാറിത്തുടങ്ങും.

Mr. E. P. Varghese: മെംബറുടെ താലൂക്കിൽ അധികം വനങ്ങളുണ്ടോ?

Mr. J. John Kattakayam : ഉണ്ടു്. അതിനാൽ എന്റെ അനുഭവത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഞാനിവിടെ പ്രസംഗിക്കുന്നതു്. എന്നെപ്പോലെയുള്ള അനുഭവസ്ഥന്മാരിവിടെയില്ലാത്തതുകൊണ്ടാണ് മലകൾക്കുള്ളിൽമലമ്പനിബീജങ്ങളില്ലെന്ന കൺസർവേറ്റർ പറയുന്നതിനെ വകവച്ചുകൊടുക്കുന്നതു്. നമ്മുടെ മൃഗരാജൻ വനങ്ങളെ വിട്ടുകൊടുക്കുന്നതിനു മനസ്സുള്ളയാളല്ല.

Mr. Komilezhathu Sankaran: മൃഗരാജനോ?

Mr. J. John Kattakayam : അല്ല വനരാജൻ. എന്നാൽവാസ്തവത്തിൽ അദ്ദേഹം മൃഗങ്ങളുടെയും രാജാവുതന്നെയാണ്. മൃഗസംരക്ഷകനായിട്ടും ഒരുപുണ്ടല്ലോ അദ്ദേഹത്തിന്റെയും മേലാവാണ് ഇദ്ദേഹം. അതുകൊണ്ടു മൃഗരാജരാജൻ എന്നിദ്ദേഹത്തെപറയാം. ആസ്ഥിതിക്കു് അദ്ദേഹത്തെ ഒരു മൃഗസാമ്രാട്ട് എന്നു പറയുന്നതിലെന്താണു വിരോധം. അദ്ദേഹത്തിന്റെ പ്രകൃതം താനൊട്ടതിന്നുകയുമില്ല മറ്റുള്ളവർക്കു കൊടുക്കയുമില്ല, എന്ന പട്ടിയുടെ പ്രകൃതംപോലെയാണ്. ഇദ്ദേഹത്തെ വയ്യോലിൽ കിടക്കുന്ന പട്ടിയോടുപമിക്കാം. താനൊട്ടതിന്നുകയുമില്ല മറ്റുള്ളവരെ തീറ്റുകയുമില്ല. വയ്യോൽ തിന്നുന്നതിനു കന്നാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam]

ലികൾ വരുമ്പോൾ ഭൌ, ഭൌ, എന്നുകുരച്ചുംകൊണ്ടു കന്നാലികളുടെ നേക്കു ചാടിവീഴും. ഈ നിലയാണ് ഇട്ടേഹത്തിന്നുള്ളതു്. റിസർവിൽ കുറെ ഭാഗം കൃഷിക്കായിവിട്ടുകൊടുക്കണമെന്നു പറഞ്ഞാൽ ഇട്ടേഹംഫാറസ്റ്റ് റിസർവു പോയിട്ടു അതിനടുത്തുള്ള തരിശുപോലും തരികയില്ലെന്നു ശഠിച്ചുകൊണ്ടു മൃഗസാമ്രാട്ടായ വനസാമ്രാട്ടു ചാടിവീഴും. തന്നിമിത്തം തിരുവിതാംകൂർവിട്ടു് എത്രയോപേർ പുറത്തുപോയിക്കഴിഞ്ഞു. വിദേശികളെപ്പോലും ആകർഷിക്കുന്ന ഈ സ്ഥലംവിട്ടു അവരെ പുറത്തുപായിക്കാനുള്ള കാരണമെന്താണ്? ഏക്കറൊന്നിനു ഒരു രൂപായാണു കുറഞ്ഞകരം. ആ കരം വച്ചു നോക്കിയാലും റിസർവു പതിച്ചുകൊടുത്താൽ എത്രയോ ലക്ഷം രൂപ ഗവണ്മെൻറിനു പ്രതിവർഷം നികുതിയിനത്തിൽ കിട്ടിക്കൊണ്ടിരിക്കും. ഇന്നത്തെ വനാദായം തടിയിൽ നിന്നും കിട്ടുന്നതാണ്. അതുമുഴുവനും വെട്ടി മുറിച്ചുകഴിഞ്ഞാൽ പിന്നീടു വനരോണം ഗവണ്മെൻറിനു നഷ്ടത്തിലേ കലാശിക്കുകയുള്ളൂ. ഏലകൃഷി മുഴുവനും പാണ്ടിക്കാരുടെ കൈവശമാണ്. സ്വദേശികളും കുറെയുണ്ടെങ്കിലും അവർക്കു ലഭിക്കുന്ന ആദായം തുഛവും അവരുടെ എണ്ണം പരിമിതവുമാണ്. അതിനാൽ വഞ്ചിഭൂവാസികൾക്കു് ഈ കൃഷിനടത്തുന്നതിനു പ്രയോഗ്യമായ സകലസൌകര്യങ്ങളും അചിരേണ ഉണ്ടാക്കികൊടുക്കണം.

സർ, ഞങ്ങളുടെ മുമ്പാകെനിന്നാണു തേക്കുതടി വെട്ടി സമുദ്രതീരത്തുള്ള ഡിപ്പോവിൽ കൊണ്ടുപോകുന്നതു്. ഞങ്ങൾക്കതു കിട്ടണമെങ്കിൽ സമുദ്രതീരത്തുള്ള ഡിപ്പോവിൽതന്നെ വന്നു വാങ്ങിക്കണം. ഞങ്ങളുടെ നടയിൽനിന്നും കൊണ്ടുപോകുന്ന തടി ഞങ്ങളുടെ ആവശ്യത്തിനു വലിയ നഷ്ടം സഹിച്ചു ലോലാൻഡിൽ ചെന്നു വാങ്ങിച്ചു മിഡിൽ ലാൻഡും കഴിഞ്ഞു ഹൈലാൻഡിലേക്കു് കൊണ്ടുവരേണ്ടിയിരിക്കുന്നു. ഇതിൻറെ ദുസ്സാദ്ധ്യതകൊണ്ടു ഞങ്ങൾ ഇപ്പോൾ മിക്കവാറും പാഴ്വൃക്ഷങ്ങളാണ് ഉപയോഗിക്കുന്നതു്. ഇതു ശരിയാണൊ? ഞങ്ങളുടെ സ്ഥലത്തുനിന്നും വെട്ടിവെട്ടുന്ന തടി ഞങ്ങൾക്കു് ഉപയോഗിക്കുന്നതിനുമുമ്പായി സൌകര്യപ്രദമായ വിധത്തിൽ അവിടെത്തന്നെ ഞങ്ങൾക്കു കിട്ടുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്താൽ അതു ഗവണ്മെൻറിനു തന്നെയും വളരെ ആദായപ്രദവും മലയോരനിവാസികൾക്കു് അനുഗ്രഹപ്രദവും ആയിരിക്കും. ഇപ്പോഴത്തെ തടിവില വില്പനനോക്കിയാൽ ഗവണ്മെണ്ടിനു വെട്ടി ഇറക്കുന്നതിനുണ്ടാകുന്ന ചിലവുപോലും ചിലപ്പോൾ ലഭിക്കുന്നില്ലെന്നു സൂക്ഷ്മദൃക്കുകൾക്കു കാണാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ബീഡിയില ഇവിടെ നട്ടുവളർത്തണമെന്നു ഞാൻ വളരെക്കാല മായി പറയാറുണ്ട്. ഇടയിടെ-ചെങ്കോട്ടയിലാണെന്നു തോന്നുന്നു—. ബീഡിയില നട്ടുപിടിപ്പിക്കയും അതു സമൃദ്ധിയായി ഉണ്ടാവുകയും ചെയ്തു. എന്നാൽ മറ്റു സ്ഥലങ്ങളിൽ പ്രവർത്തനത്തിന്റെ ദോഷം കൊണ്ടായിരിക്കാം നന്നായി ഉണ്ടാകാത്തതു്. ഇതിലേക്കായി ഒരുവലിയ സംഖ്യ നാം വിദേശങ്ങളിലേക്കയക്കുന്നുണ്ടു്. ഈ കൃഷി ഇവിടെയുണ്ടാകുന്നപക്ഷം നമ്മുടെ പണം വിദേശങ്ങളിലേക്കു പോകാതിരിക്കും.

തടിയിൽ ആസ്ക്യൂപ്രയോഗം ചെയ്താൽ അതുകേടുവരാതെ വളരെക്കാലമിരിക്കുമെന്നു കൺസർവേറ്റർ പറയുന്നുണ്ടു്. ഏലക്ട്രിസിറ്റിനടപ്പാക്കുന്നതിനും ടെലിഫോണിനുമായി അനവധിപണം ചിലവു ചെയ്തു ഇരുമ്പുതൂണുകൾ നാം വിദേശങ്ങളിൽനിന്നും ഇപ്പോൾ വരുത്തുന്നുണ്ടു്. എന്നാൽ ഇപ്രകാരം തടി കേടുകൂടാതെ ഇരിക്കത്തക്കവണ്ണം ശാസ്ത്രീയമായ പ്രയോഗം ചെയ്യാമെന്നുണ്ടെങ്കിൽ ഇരുമ്പുതൂണുകൾക്കു പകരം നമുക്കിതുപയോഗിക്കാം. വലിയ ഒരു സംഖ്യ വിദേശങ്ങളിലേക്കു പോകാതിരിക്കുയുംചെയ്യും.

ശാസ്ത്രീയമായ രീതിയിൽ വനഭരണം നടത്തുന്നതായാൽ ഇന്നത്തെക്കാൾകൂടുതൽ ആദായമുണ്ടാക്കുവാൻ സാധിക്കുന്നതാണു്. ഇന്നത്തെ ഡിപ്പാർട്ടുമെന്റു മേധാവി ഫാറസ്റ്റ്ഡിപ്പാർട്ടുമെന്റിന്റെ ഭരണം ഏറ്റപ്പോഴത്തെപ്പോലെതന്നെ ഇന്നും ആ ഡിപ്പാർട്ടുമെന്റിരിക്കുന്നു. ചോദിക്കുമ്പോൾ അന്യരാജ്യത്തെ ചില അത്താറിട്ടികളെല്ലാം പറയുകയുംചെയ്യും. പക്ഷേ എന്തുപ്രയോജനമാണതുകൊണ്ടുള്ളതു്?

Mr. Komilezhathu Sankaran : ഒരു ചോദ്യം.

Mr. J. John Kattakayam : സമയമില്ല.

കുട്ടനാട്ടു നിവാസികൾക്കുവേണ്ടി മൺപു വീയപുരം മുതലായ ഡിപ്പോകളിൽ വള്ളത്തടി ആവശ്യാനുസരണം കൊടുത്തു കൊണ്ടിരുന്നു. ഇപ്പോൾ അങ്ങിനെ ചെയ്യുവരുന്നില്ല. എന്തുകൊണ്ടാണു് ഈ സംഗതിയിൽ കൺസർവേറ്റർ ഇത്ര ഉദാസീനത കാണിക്കുന്നതു്? അവക്കു് കൊടുക്കാൻ തടിയില്ലേ? കുട്ടനാട്ടിലെ നിവാസികളെ അവഗണിക്കുന്നതിനുള്ള ഒരു മുഖവുരയായിട്ടാണു ഞാൻ ഇതിനെ വിചാരിക്കുന്നതു്. ഗവർണ്മെന്റു് അവക്കുവേണ്ട സൌകര്യം മുൻപേപോലെയെങ്കിലും ചെയ്തുകൊടുക്കണം.

വനങ്ങളിൽ നല്ല മരുന്നുള്ളപ്പോൾ ആയുർവേദഡിപ്പാർട്ടുമെന്റിലെ ആവശ്യത്തിനായി പുറത്തുനിന്നും എന്തിനു മരുന്നുമേടിക്കുന്നു എ

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam]

ന്നഞാൻ ചോദിച്ചുകൊള്ളുന്നു? ഇവിടെ കുറേതോട്ടി എന്നു പറഞ്ഞു വല്ലതും കൊണ്ടുകൊടുക്കും. മറുമരുന്നുകളും ഏറക്കുറെ ഇങ്ങനെതന്നെയാണു ലഭിക്കുന്നതു്. ആയുർവ്വേദവൈദ്യത്തിന്റെ മാഹാത്മ്യം നമുക്കു നല്ലവണ്ണം പ്രത്യക്ഷപ്പെടാത്തതിനു കാരണങ്ങൾ പലതാണു്. ശരിയായ മരുന്നുകളുപയോഗിക്കാത്തതു് ഇതിൽ പ്രാധാന്യമേറിയതത്രെ.

Mr. Komilezhathu Sankaran: ആയുർവേദഡിപ്പാർട്ടുമെൻറും വനംകൺസർവേറേറരുടെ കീഴിലാക്കണമെന്നാണൊ മെംബർ പറയുന്നതു്?

Mr. J. John Kattakayam: വനത്തിൽ നല്ലമരുന്നുകൾ സുലഭമായിട്ടുണ്ടു്. മാക്കറിൽനിന്നും വാങ്ങിക്കുന്നതിനെ നമുക്കു വിശ്വസിക്കാമോ എന്നു സംശയമാണു്. ഇപ്പോൾ ആ ഡിപ്പാർട്ടുമെൻറു വളരെ അനാഥമായിരിക്കുന്നതുകൊണ്ടു് അതദ്ദേഹത്തിന്റെ കീഴിലാക്കിയാൽ കുറെക്കൂടിനല്ലതാണു്. മേജറും മൈനറുമായിട്ടു് അനേകംഡിപ്പാർട്ടുമെൻറുകളുള്ളതിൽ ഇതു അനാഥമായി മറെറാരുഡിപ്പാർട്ടുമെൻറും ഇല്ല. ആയുർവേദവകുപ്പിൽ എന്റെ ശ്രദ്ധയെ മി. ശങ്കരൻ ആകർഷിച്ചതുകൊണ്ടു ഇപ്പോൾകിട്ടിയ സന്ദർഭത്തു അതിലേക്കായിത്തന്നെ വിനിയോഗിക്കാമെന്നു വിചാരിക്കുന്നു. അവിടെ ഡയറക്ടറില്ല. ഒരിൻസ്പക്ടരും ഒരു പ്രിൻസിപ്പാളുമുണ്ടു്. രണ്ടുപേർക്കും യാതൊരു പരീക്ഷായോഗ്യതയുമില്ല. കൺസർവേറേറരെ പിടിച്ചു ഡയറക്ടരാക്കിയാൽ വളരെ നന്നായിരിക്കും. അവിടെ നടക്കുന്ന ദുർഭരണത്തിനു കണക്കില്ല. ഒരു സുകുമാരൻ എന്നയാളിനെ....

Chairman : മി. കട്ടക്കയം ഇവിടെ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനെപ്പററിയാണു പറയേണ്ടതു്; ആയുർവേദത്തെപ്പററിയല്ല.

Mr. J. John Kattakayam: പിന്നെ എന്തിനു ഇങ്ങനെ ഒരു ചോദ്യം ചോദിച്ചു? അതുകൊണ്ടാണു് ഇതുയും പറഞ്ഞതു്.

പുകയില, കഞ്ചാവു ഇവയൊക്കെ നമ്മുടെ വനങ്ങളിൽ ധാരാളമുണ്ടാകും. അവകൂടി കൃഷിചെയ്തു നമ്മുടെ രാജ്യത്തു കൂടുതൽ വരുമാനമുണ്ടാക്കണം. ഇപ്പോൾ ഇതു നശിപ്പിക്കുന്നതിനു ധാരാളം ധനവ്യയം ചെയ്യുന്നു.

വനങ്ങളിൽ ആളുകൾ കടന്നു നായാടുകയും നഞ്ചിടുകയുമൊക്കെ ചെയ്യാറുണ്ടു. അവിടെയുള്ള പറവകളേയും ജലാശയങ്ങളിലെ ജലജന്തുക്കളേയും സംരക്ഷിക്കാൻ ആരുമില്ല. സമതലമാണല്ലോ പ്രധാനം. മൃഗങ്ങളെ സംരക്ഷിക്കാൻ ഒരാളുള്ളതുപോലെ ഈ വകജന്തുക്കളെ കൂടി സംര

LIBRARY ARCHIVES Kerala Legislative Assembly

ക്കിക്കാൻ രണ്ടുദ്യോഗം സൃഷ്ടിച്ചു രണ്ടുപേരെയാക്കി അവരുടെ അധിരാജനായി കൺസർവേറാറെ വയ്ക്കണം.

Mr. M. P. Madhavan Pillai: സർ, ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ നടപടികളെപ്പറ്റി ഒന്നുരണ്ടുവാക്കു പറയണമെന്നാണു ഞാൻ വിചാരിക്കുന്നതു്. ഇന്നു മലകളിൽനിന്നും വെട്ടിയിറക്കുന്ന തടികൾ ആ ദേശത്തുള്ള ആൾക്കാരെ വിലക്കു കൊടുക്കാറില്ല. അങ്ങിനെ ചെയ്യാതിരിക്കുന്നതിനുള്ള കാരണം ഡിപ്പാർട്ടുമെൻറിൽനിന്നും പറയുന്നതു് വനങ്ങളിൽ നിന്നും തടി വ്യാജമായി കടത്തിക്കൊണ്ടു പോകുന്നതിനു് അതു സഹായിക്കുമെന്നുള്ളതാണു്. ഇപ്പോഴത്തെ നിലക്കു തടിക്കു വിലവളരെ കുറവാകുന്നു. മലയോരത്തുനിന്നും തടിവെട്ടി ഡിപ്പോവിൽ കൊണ്ടുചെല്ലുന്നതിനുള്ള കൂലിച്ചിലവു്, തടിയുടെ വില മുഴുവനെല്ലാം ആസ്പദമാക്കിനോക്കുമ്പോൾ തടിവെട്ടുന്ന സ്ഥലത്തുവച്ചുതന്നെ വിൽക്കുന്നതാണു ഗവണ്മെൻറിനു് ആദായകരമായിട്ടുള്ളതു്. ഇപ്പോഴത്തെ ഡിപ്പാർട്ടുമെൻറു നയംകൊണ്ടു മലയോരങ്ങളിലുള്ള വൻകു രാജകീയവൃക്ഷങ്ങൾ ഉപയോഗിക്കുന്നതിനു നിവൃത്തിയില്ലാതായിരിക്കുന്നു. താരിപ്പുവില കൊടുത്താലല്ലാതെ അവർക്കു തടി കിട്ടുകയില്ല. താരിപ്പുവിലയുടെ നാലിലൊന്നാണു ഡിപ്പോവില. അതു കൂലിച്ചിലവു കുറച്ചാണു്. ആ വിലക്കു തടി വെട്ടിയിറക്കുന്ന സ്ഥലത്തുവച്ചുതന്നെ കൊടുക്കുന്നതിനു ഡിപ്പാർട്ടുമെൻറിനു് എന്താണു വൈമനസ്യം. ഒന്നോ രണ്ടോ കൊല്ലത്തിനകം രാജകീയവൃക്ഷങ്ങളുടെ അവകാശം കുടികൾക്കു വിട്ടുകൊടുക്കുന്നതിനായി ഗവണ്മെൻറു നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു് ഇപ്പോഴുള്ള വൃക്ഷങ്ങളെല്ലാം ഗവണ്മെൻറു വെട്ടിമുറിച്ചുവരികയാണു്. ആ സ്ഥിതിക്കു് ആ സ്ഥലത്തു ജനങ്ങൾക്കാവശ്യമുള്ള തടി ഉപയോഗിക്കുവാൻ കൊടുക്കുന്നതിൽ ഗവണ്മെൻറു വേണ്ടതു പ്രവർത്തിക്കണമെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

വർദ്ധിച്ചുകൊണ്ടിരിക്കുന്ന തിരുവിതാംകൂറിലെ ജനസംഖ്യയുടെ സ്ഥിതി നോക്കുമ്പോൾ അവരുടെ ജീവനസന്ധാരണത്തിനു് ഇനിയും ഭൂമി പതിച്ചുകൊടുക്കാതെ യാതൊരു നിവൃത്തിയുമില്ലാതായിരിക്കുന്നു. ഭൂമി പതിച്ചുകൊടുക്കണമെന്നു പറയുന്ന ഓരോ അവസരങ്ങളിലും കൺസർവേറാർ അതിനു വിപരീതമായി ഓരോ ന്യായങ്ങളാണു പറഞ്ഞുവരുന്നതു്. കൃഷിക്കു പതിച്ചുകൊടുക്കുന്നതിനു സൗകര്യമായ സ്ഥലങ്ങൾ റിസർവിനകത്തു ധാരാളമുണ്ടു്. അങ്ങിനെയില്ലെന്നു പറയുന്നപക്ഷം തെളിവുകൊടുക്കാൻ സാധ്യവുമല്ല. സാധുജനങ്ങൾ കുടിപാർത്തുവരുന്ന സ്ഥലങ്ങളോടടുത്തുതന്നെ പതിച്ചുകൊടുക്കുന്നതിനു സൗകര്യമായ സ്ഥല

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. P. Madhavan Pillai]

ങ്ങൾം ധാരാളമുണ്ട്. അവ പതിച്ചുകൊടുക്കുന്നതു് ജനങ്ങൾക്കു വളരെ പ്രയോജനകരമായിരിക്കും. അതിനാൽ ഇക്കാര്യത്തിൽ ഇനീയെങ്കിലും കണ്സർവേറ്റർ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

ഇപ്പോൾ ടാങ്കിയാ സിസ്റ്റമനുസരിച്ചു കൃഷിചെയ്യുന്നതു തടി വെട്ടിയിറക്കി ഡിപ്പോവിൽ കൊണ്ടുപോകുന്നതിനു സൗകര്യമുള്ള സ്ഥലങ്ങളിലാണ്. അങ്ങിനെയുള്ള സ്ഥലങ്ങൾതന്നെയാണു ജനങ്ങൾക്കു കൃഷിചെയ്യുന്നതിനും താമസിക്കുന്നതിനും പറ്റിയതായ സ്ഥലം. അതായതു് ആറുകളുടെ തീരം നോക്കിയോ അല്ലെങ്കിൽ മറ്റു ജലസൗകര്യംനോക്കിയോ ഉള്ള സ്ഥലങ്ങളിലാണു ടാങ്കിയാസിസ്റ്റമനുസരിച്ചുള്ള കൃഷി ചെയ്തുകൊണ്ടിരിക്കുന്നതു്. ഒരുകാലത്തു റിസർവ്വിലുള്ള സ്ഥലങ്ങൾ പതിച്ചുകൊടുക്കണമെന്നു നിശ്ചയിക്കുന്നപക്ഷം ഈ ടാങ്കിയാ കൃഷിസ്ഥലത്തിനപ്പുറമുള്ള സ്ഥലങ്ങൾമാത്രമെ പതിച്ചുകൊടുക്കാൻ സാധിക്കുകയുള്ളൂ. അതു ജനങ്ങൾക്കും ഗവണ്മെൻറിനും ഉപദ്രവമാണ്. അതുകൊണ്ടു ജനങ്ങൾക്കു പതിച്ചുകൊടുക്കുന്നതിനു സൗകര്യമുള്ള സ്ഥലങ്ങളിൽ ടാങ്കിയാ കൃഷിചെയ്യാതെയിരിക്കണമെന്നു പ്രസ്താവിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

Mr. K. P. Nilakanta Pillai: Sir, I also oppose the demand. It has already been brought to the notice of this House that there is a growing demand for following a policy of judicious disafforestation of all cultivable lands inside the reserves. This argument is not a novel one. It has been repeated in this house from time to time. The learned Conservator has a stock reply that it is impossible to give up even an inch of land from the reserves and we are having only the irreducible minimum by way of reserves. So it is impossible to disafforest even a portion of the reserves. Recently, one more thing also is visible, if you will carefully read through the report of the administration of the Forest Department. After having conquered 1/3 of Travancore for his reserve, he is now engaged in consolidating and putting up boundaries. For that, sometimes he wants to evict honest cultivators who are engaged in cultivating some portion of the reserves. That policy is pursued, year after year, and we find so many acres and cents of land added to the reserve. It is very difficult to convince the Conservator of Forests of the exact economic condition of the people in Travancore, of what exactly is their need of the moment. Sir, it is a well known fact that on account of uneconomic cultivation followed by the agriculturists of the State it is not possible to lead a decent life out of cultivation alone. The holdings have become

LIBRARY ARCHIVES Kerala Legislative Assembly

very small, and within the area now occupied there is no scope for expansion. There is no necessity to have one third of the State as reserve forests. The Conservator of Forests himself conceded some time back that the forest has practically nothing to do by way of controlling the rainfall in the State. All these facts, Sir, prove that a very great agrarian movement is likely to come. Unless the Conservator of Forests is agreeable to throw open at least one-third of the remaining reserves for occupation by intending cultivators, the Government will be facing a big menace; and whether we, the members of the Legislature, are responsible or according to the view of the Conservator of Forests irresponsible, if this policy of preserving the reserves intact is followed and the Conservator of Forests shows unwillingness to disafforest suitable lands within the reserves for cultivation, we may even be constrained to advise the agrarian population, who want more land as a matter of necessity, to invade the reserves and take the consequences. This is a big problem and I am not going to argue it with reference to the Administration Report of the Forest Department alone. It is a big problem and all the heads of departments and Government also must seriously consider this. My speech is intended to impress upon the Government the necessity for finding more land for cultivation in Travancore. Sir, on account of the firm hand with which the forests are administered a lot of work is diverted from the Forest Department to the various other departments. When persons occupying land inside the reserve forests refuses to go, the help of the Land Revenue Department is required for evicting them. Again, the help of the Police is resorted to. All sorts of difficulties are there. It is not therefore a question of keeping the reserves intact; it is a big question of providing more land for cultivation and expanding the area now under cultivation. We do not want so much land for reserves and it is highly necessary that the cultivable portions inside the reserves should be thrown open for cultivation. The circumstances demand and the people want it. If the Travancore Government cannot find any area outside the State where we can colonise with advantage, it is the bounden duty of the Government to disafforest a large portion of the reserves and throw it open for cultivation to the real agriculturists of the land. Sir, that is the reason why I said the other day when the Land Revenue Demand was before the House that a committee has to be appointed to enquire into all these questions. How can we postpone these things? So many committees were appointed by Government—the Economic Depression Enquiry Committee, and other committees—and they have all found that there is not sufficient land available for cultivation and that the cultivators are taking to

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Nilakanta Pillai.]

to cultivation at a great loss. If that be so, I do not understand why when their recommendations are before the Government they simply sleep without finding more land for actual cultivation. That is the bounden duty of Government. But nothing is being done. Such a way of looking into things is highly unsatisfactory. It is the bounden duty of the Government to provide food for the people. But nothing is done by Government here either to create more food materials or even to find more land available for cultivation for the cultivators. The most important duty of all Governments is to provide food for the population. That is completely neglected by this Government. When we say that it is impossibe for us to derive any profit out of the land now allotted to us in small bits and when the Government do nothing to extend the area under cultivation, I do not know in what direction we are marching. If this policy is continued by Government, we must be prepared for revolution—I may be accused by Mr. Balakrishnan Tampi for using that word revolution.—something like an agrarian situation may be created and we must be prepared to meet it We, the members on this side of the House, will surely have to take sides with the agrarian population, Sir.

Mr. Tariatu Kunjitomman : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു ഫാറസ്റ്റ്റഡിപ്പാർട്ടുമെൻറിനെ സ്പർശിക്കുന്ന ചില സംഗതികൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നു വിചാരിക്കുന്നു. നമ്മുടെ രാജ്യത്തെ പ്രധാനമായി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യയത്തിനു തൊഴിലും കാലക്ഷേപമാർഗ്ഗവും ഉണ്ടാക്കിക്കൊടുക്കണമെന്നുള്ളതാണു്. കൃഷിമാത്രം തൊഴിലായിരിക്കുന്ന ഈ രാജ്യത്തു ആളൊന്നിപ്രതി ർ ൦ സെൻറു സ്ഥലമാണുള്ളതു്. മറ്റു രാജ്യങ്ങളിൽ കൃഷി ഒഴിച്ചു മറ്റനേകം തരത്തിലുള്ള വ്യവസായങ്ങളും കച്ചവടങ്ങളും പ്രബലമായി നടക്കുന്നുണ്ടു്. ഇവിടെയുള്ള പ്രധാനതൊഴിൽ കൃഷിമാത്രമാകുന്നു. ഇവിടത്തെ കച്ചവടം കാർഷികോല്പന്നങ്ങളിൽനിന്നാണു്. കയറുമതി കൃഷിവിഭവങ്ങളാണു്. ഇറക്കുമതിക്കാവശ്യമുള്ള ധനം കൃഷിഉല്പന്നങ്ങളിൽനിന്നുതന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇങ്ങനെ സർവ്വത്തിനും കൃഷിയെമാത്രം ആശ്രയിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തു ഒരു കൃഷിക്കാരനു ർ ൦ സെൻറു സ്ഥലമേ ഉള്ളുവെങ്കിൽ ഭാവി എന്തായിരിക്കും? ജനസംഖ്യ വർദ്ധിച്ചുവരുന്നതോറും കൃഷിസ്ഥലങ്ങളും വീതിക്കാതെ തരമില്ലല്ലൊ. ർ ൦ സെൻറു സ്ഥലം നാലായി വീതി

LIBRARY ARCHIVES Kerala Legislative Assembly

ച്ചാൽതന്നെയും ഒരാൾക്കു ഫ്രീ 0 സെൻറ് സ്ഥലമെ കിട്ടുകയുള്ളൂ. അതു കൊണ്ട് ഏതുവിധത്തിലാണു കാലക്ഷേപം കഴിക്കുക? എന്തും ഗാഢമായി ചിന്തിച്ചു വേണ്ട പ്രതിവിധി നിർദ്ദേശിക്കേണ്ട ഒരു സംഗതിയാണിതു്. ഗവണ്മെൻറിന്റെ മുതലെടുപ്പും സാരമായി കൃഷിയെത്തന്നെ ആശ്രയിച്ചിരിക്കുന്ന ഭൂനികുതി, കയറുമതിത്തീരുവ (ഇതൊരു രാജ്യത്തുമില്ലാത്തതാണു്) ഇറക്കുമതിത്തീരുവ ഇവയെല്ലാം കൃഷിയെ ആശ്രയിച്ചാണിരിക്കുന്നതു്. അതിനാൽ കൃഷിയെ വർദ്ധിപ്പിക്കുന്നതിനുവേണം ശ്രമിക്കാൻ.

റിസർവുവനങ്ങളെ സംരക്ഷിക്കുന്നതു രാജ്യത്തു് ഒരലങ്കാരംതന്നെയാണു്. കൈയ്ക്കു അലങ്കാരത്തിനുവേണ്ടി വളയിടാറുണ്ടു്. എന്നാൽ അതിലേക്കായിമാത്രം കൈ കുറെ മേടിച്ചുകളയുക എന്നു വരുന്നതു ശരിയല്ലല്ലൊ. അതുപോലെ രാജ്യത്തിന്റെ കഷ്ടത ആലോചിക്കാതെ അലങ്കാരത്തിനായിമാത്രം റിസർവായി വളരെ സ്ഥലം വച്ചുകൊണ്ടിരിക്കുന്ന ഒരു നയം നമുക്കു സ്വീകാര്യമല്ല. പർവതശിഖരങ്ങളൊഴിച്ചു, ഫലഭൂയിഷ്ഠങ്ങളായ ഉന്നതതടങ്ങളും, ആറിന്റെ തീരങ്ങളും, റോഡിനെ സമീപിച്ചുള്ള സ്ഥലങ്ങളും ബിറുബിറായി തിരിച്ചു ചുരുങ്ങിയ തറവിലക്കു തൊഴിലില്ലാതെ നടക്കുന്ന ബിരുദധാരികൾക്കും മറ്റുള്ളവർക്കും പതിച്ചുകൊടുക്കയും ഭൂമി തീരെയില്ലാത്ത അധഃകൃതർക്കു സൗജന്യമായി പതിച്ചുകൊടുക്കയും, കുറെ സ്ഥലം ലേലംചെയ്തു കൊടുക്കയും ചെയ്തു കൃഷി വർദ്ധിപ്പിക്കാൻ നോക്കേണ്ടതത്യാവശ്യമായിത്തീർന്നിരിക്കുന്നു. റിസർവില്ലെങ്കിൽ മഴയുണ്ടാവുകയില്ല; മണ്ണൊലിച്ചുപോകും. ഭാവി തലമുറയ്ക്കു സ്ഥലം സൂക്ഷിക്കണമെന്നൊക്കെ കൺസർവേറർ പറയാറുണ്ടു്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സാരമായി സ്വീകരിക്കേണ്ട പല ഭാഗങ്ങളും ഉണ്ടു്. എന്നാൽ ഈ സംഗതികളെയും കൂടി അദ്ദേഹം കായ്മായി ചിന്തിക്കേണ്ടതാണു്. കൺസർവേറർ, റവന്യൂകമ്മീഷണർ, ചീഫ്സെക്രട്ടറി ഇവർ മൂന്നുപേരുംകൂടി ആലോചിച്ചു ഇതിലേക്കായി ഏതു സ്ഥലം റിസർവിൽനിന്നും ഒഴിവാക്കണമെന്നു നിശ്ചയിക്കേണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

Mr. Komilezhathu Sankaran : ഇതിലേക്കു് ഉദ്യോഗസ്ഥന്മാർമാത്രം മതിയോ? ഓരോ സ്ഥലത്തുള്ള ജനപ്രതിനിധികളും കൂടി വേണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

Mr. Tariatu Kunjitomman : എത്ര ഏക്കർ സ്ഥലമാണു റിസർവിൽനിന്നും മൊത്തമായി ഒഴിക്കേണ്ടതെന്നു നിശ്ചയിക്കാൻ ഉദ്യോഗസ്ഥന്മാർ മാത്രം മതി. ഭൂമി പതിച്ചുകൊടുക്കേണ്ട ഘട്ടം വരുമ്പോൾ ജനപ്രതിനിധികളുടെ അഭിപ്രായം അറിഞ്ഞാൽമതി.

സ്വാമി ഏരിയാതന്നെ പത്തോ പന്ത്രീരായിരമോ ഏക്കർ ശേഖരമായിട്ടു കിടക്കുന്ന സ്ഥലങ്ങളും എനിക്കുതന്നെ അറിയാം. നമ്മുടെ ആവശ്യം നമുക്കൊഴിച്ചുകൂടാൻ വയ്യാത്ത നിലയിലായിത്തീന്നിരിക്കുന്നു. നമുക്കു കാളനിയില്ല പടിഞ്ഞാറോട്ടുപോയാൽ സമുദ്രവും കിഴക്കോട്ടു പോയാൽ റിസർവും നമ്മെ തടുക്കുന്നു. നാം എവിടെപോകും. ചിലരെല്ലാം ബ്രിട്ടീഷ് മലബാറിൽ പോയി. അവിടെ അവർക്കു സ്ഥലം പതിച്ചുകൊടുക്കയും കൃഷിചെയ്യുന്നതിനു വേണ്ടസഹായം ചെയ്തുകൊടുക്കയും ചെയ്യുന്നു. മൈസൂരിലും അതുപോലെതന്നെയാണു്. അവിടങ്ങളിലെല്ലാം ഭൂമി പതിച്ചുകിട്ടിയതുകൊണ്ടു മാത്രം കൃഷിചെയ്യുവാൻ ആളുണ്ടാവുകയില്ല. ഇവിടത്തെ സ്ഥിതി അതല്ല. നമുക്കു ഭൂമിമാത്രം കിട്ടിയാൽമതി. കൃഷിചെയ്യാൻധാരാളം ആളുകളുണ്ടു്. ഉല്പന്നങ്ങൾക്കുവലിയ ചിലവില്ലെങ്കിലും ആഹാരസാധനങ്ങൾ വിളയിക്കാവുന്ന ഭൂമികളാണു ഈ രാജ്യത്തു ധാരാളമുള്ളതു്. ചുരുക്കിപ്പറഞ്ഞാൽ മരച്ചീനിയെങ്കിലും ഉണ്ടാകാത്ത സ്ഥലം തിരുവിതാംകൂറിലില്ല. ഇങ്ങനെയുള്ള സ്ഥലങ്ങൾ റിസർവിൽനിന്നു് ഒഴിച്ചുകൊടുക്കാത്തപക്ഷം ഭാവി എന്തായിരിക്കും എന്നു ഗവണ്മെൻറുതന്നെ ഒന്നു ചിന്തിക്കട്ടെ. ഇന്നത്തെ ഈ മഹാപ്രശ്നത്തിനു ഗവണ്മെൻറ് ഇന്നവിധത്തിലാണു പരിഹാരമുണ്ടാക്കുവാൻ പോകുന്നതു്, അതുകൊണ്ടു ജനങ്ങൾക്കു അഭിവൃദ്ധിയുണ്ടാകുമെന്നു ഗവണ്മെൻറു മറുപടി പറയുന്നപക്ഷം ആവർത്തിച്ചാവർത്തിച്ചു പറയുന്ന ഞങ്ങളുടെ ഈ പ്രസ്താവനയെ ഞങ്ങൾ പിൻവലിച്ചുകൊള്ളാം. അങ്ങിനെ ചെയ്യാതിരിക്കുന്നിടത്തോളം കാലം ഗവണ്മെൻറു ഞങ്ങളുടെ അഭിപ്രായങ്ങളെ സ്വീകരിച്ചു പ്രവർത്തിക്കണം. ഭാവിയെപ്പറ്റി ചിന്തിച്ചു് ഈ കാലത്തെ ജനസഞ്ചയത്തെ കഷ്ടപ്പെടുത്തുന്നതു ശരിയല്ല. ഒരു കുടുംബം ആഹാരത്തിനുവഴിയില്ലാതെ കഷ്ടപ്പെടുമ്പോൾ ഭാവിസന്താനങ്ങൾക്കു് അണിയാനുള്ള ആഭരണങ്ങളും കാലക്ഷേപത്തിനുള്ള സ്വത്തും അലമാരിയിൽ ഉണ്ടു്, അതു തുറന്നുകൊടുക്കയില്ല എന്നു പറയുന്ന ഒരു കാരണവന്റെ മട്ടിലാണു നമ്മുടെ ഗവണ്മെൻറിന്റെ നില കാണുന്നതു്. ഇന്നു ജീവിച്ചിരിക്കുന്നവരുടെ ആവശ്യം മുമ്പെ നടത്തണം, ഭാവിയിലെ കാര്യം പിന്നെ ആലോചിച്ചുകൊള്ളാം. വർത്തമാനകാല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തെപ്പറ്റിയാണ് അധികം ചിന്തിക്കേണ്ടത്. ഈ രാജ്യത്തു ജനിച്ചവ രുന്നയാളും രാജ്യം ഒട്ടുക്കു സഞ്ചരിച്ച സ്ഥിതിഗതികളും മനസ്സിലാക്കിയി ട്ടുള്ളയാളുമായ കൺസർവേറ്റർതന്നെ ഈ സംഗതിയെപ്പറ്റി ആലോ ചിച്ചു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുമെന്നു വിചാരിക്കാൻ ധാരാളം ന്യാ യമുണ്ട്. അങ്ങിനെ അദ്ദേഹം ചെയ്യുമെന്നാണ് എന്റെ വിശ്വാസം. ഇതും സംഗതികളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

Mr. Kochikal P. Balakrishnan Tampi : Sir, in opposing the grant, I pointedly invite the attention of the Government to this one fact, namely, that the Government, in the interests of the present generation and of generations yet unborn, must not yield to the clamour for the destruction of our forests. A reference to any elementary book on public finance will convince us that the forests are not the property of the present generation to be divided up conveniently as in a Marumakkathayam or Mitakshara Hindu family. My grievance is that Government have in the past, yielding to such pressure, unscientifically disafforested many regions. England, Germany and France have more than 40 per cent.—I think in Germany it is more than 50 per cent.—of the land surface under forest. England which was last in the field—

Mr. A. N. Visvanatha Pillai : എവിടെ നിന്നാണ് ഈ വിവരം കിട്ടിയതു?

Mr. Kochikal P. Balakrishnan Tampi : From Bastable's book on public finance. I shall recommend to the member several books on public finance if he is willing to read them.

Mr. Tariatu Kunjitomman : ഇംഗ്ലണ്ടിലും ഫ്രാൻസിലും എത്ര ശതമാനം ജനങ്ങൾ വ്യവസായവും കച്ചവടവും കൊണ്ടു കാലം കഴിക്കുന്നു?

Mr. Kochikal P. Balakrishnan Tampi : I fully sympathise with the people who have no means of livelihood. The only problem before us is that we must ask the Conservator to keep the forests properly. It is as well to talk to the Devasvom Commissioner about troubles in a boiler as to talk to the Conservator about unemployment. Now, that is not a question which can be co-related with unemployment or educated unemployment or improved means of agriculture. If we have not got enough land and if there are any unemployed people, we have to migrate to British India, as Mr. Kunjitomman put it, or to South America if there is no invidious distinction there against coloured labour.

Mr. A. N. Visvanatha Pillai : സിലോണിലുള്ള മലയാളികളെ തിരിച്ചയക്കണമെന്ന് അവിടെ ബഹളം കൂട്ടുന്നതായിട്ട് മെമ്പർക്കറിയാമോ?

Mr. Kochikal P. Balakrishnan Tampi : It is very unfortunate that these irrelevant questions crop up when we view this question scientifically.

Mr. Tariatu Kunjitomman : അമേരിക്കായ്ക്ക് പോകുവാനുള്ള കുറ്റൽക്കുടിക്കാരെ ഗവണ്മെന്റ് കൊടുക്കുമോ ?

Mr. Kochikal P. Balakrishnan Tampi : It will certainly be heroic of the Government to help people to go to the Colonies and settle down. But I am at another scientific question.

Mr. Tariatu Kunjitomman : ഒരു വലിയ ജനവിഭാഗത്തിനു ഇങ്ങനെയുള്ള സഹായം ചെയ്യുവാൻ ഗവണ്മെന്റിനെക്കൊണ്ടു സാധിക്കുമോ?

Mr. Kochikal P. Balakrishnan Tampi : Certainly, Government must do all that is possible. Government must protect our nationals in India and abroad. These questions apart, there are very many irrelevant things that are true. Though they may be true, when we are at this particular question they are irrelevant. It will be putting a premium on law breakers if people are allowed to trespass, and then if the land is registered in their names. There is no question of agrarian discontent.

Mr. K. P. Nilakanta Pillai : May I ask whether the member is aware of the enormous encroachments in Devicolam by foreigners ?

Mr. Kochikal P. Balakrishnan Tampi : Foreigners or indigenous men, an encroachment is an encroachment, and the Government will have to take the necessary measures to remove the encroachments if the officers are true to the salt they eat.

Mr. K. P. Nilakanta Pillai : May I ask whether there are encroachments in Onattukara ?

Mr. Kochikal P. Balakrishnan Tampi : It is overcrowded. The question is whether it is advisable to disafforest the lands. I am decidedly of opinion that it is not advisable. Colonisation is a feasible idea. I suggest that you must impose a prohibitive tax on capitalists who keep their lands fallow so that they may be induced to cultivate them and employ some of the unemployed people. But if we disafforest, is it possible to satisfy all the hundreds and thousands of people who want land for cultivation ? If you begin disafforestation there is no stage at which you can conveniently stop.

LIBRARY ARCHIVES Kerala Legislative Assembly

My other grievance is that the Government always view the Forest Department as a commercial department for purposes of gain. Government must not look at it from that point of view. Government have not been appointing sufficient staff to look to encroachments and to guard against the destruction of valuable species of fauna and flora. Therefore in the name of the present generation but also of generations unborn I ask the Government not to disafforest. Meteorologically speaking, duing this year and last year and the year before, we have had unseasonal conditions. Monsoons are failing, I think, partly due to the reckless destruction of forests. In the interest of agriculture as well, it is not advisable to disafforest any more.

Mr. A. N Visvanatha Pillai: കൃഷിക്കാർക്ക് ഈ വെള്ള ക്ഷാമം ഉണ്ടാകുന്നതു നല്ലതാണോ?

Mr. Kochikal P. Balakrishnan Tampi: I would leave it to Mr. Dhanukodi Pillai to answer it because I am not much of an expert in forestry. But I know this much that it would be very unsafe to disafforest any more.

Mr. K. Sankaralingam Pillai (*Kottakara and Puttanapuram* cum *Shenkotta*): Is the member aware that disafforestation is the accepted policy of the Government?

Mr. Kochikal P. Balakrishnan Tampi: I have yet to hear that.

Mr. G. Narayana Aiyar: Sir, I also oppose the demand. The expenditure on the department is increasing by leaps and bounds. Unless we tap all possible sources of income it may happen that we will have no more income from the department. The reserved forests are very rich in resources. If researches are conducted on scientific lines it will be possible to find new sources of income. But no such steps seem to have been taken by the department. Therefore I would draw the attention of the Government and the Conservator to conduct scientific researches of the resources from our forests and see whether the income from the department cannot be increased to any substantial extent.

Mr. K. Madhavan Pillai: Will the member kindly mention one source from which income is now being lost to Government?

Mr. G. Narayana Aiyar: There are very many sources. The minor products are now sold at a very nominal price to the contractors who make huge profits out of them.

I would like to have information from the Conservator on another matter. It appears that some *eeta* was transported to the Titaghur Paper Mills to try whether our *eeta* is fit for manufacturing paper. The result of the experiment has not been mentioned

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Narayana Aiyar.]

in the report. I request the Conservator to inform the House of the results. An amount of Rs. 1750 was also provided in the budget for that purpose. The public are kept in the dark as to the result of the experiment.

Mr. R. Dhanukoti Pillai: Sir, among the several points brought to the notice of the House, the one that has received more prominence is the question of disafforestation of the forests. Sir, this is a subject which has been brought before the House every year. Mr. Kunjitomman who has been in the Council and in the Assembly for such a long time has been dwelling on this subject for the last so many years. Unfortunately I had also to give him the same answer every time he brought forward this question. Even in this House a few minutes ago there was difference of opinion among the members on the question of disafforesation. While Messrs. Kunjitomman and Nilakanta Pillai advocated more land being made available to the people, Mr. Tampi has been very vehement about keeping all the lands completely under Government control.

Mr. K. P. Nilakanta Pillai: Is it possible for the Conservator to see that at least 50 per cent. of the area of the State is converted into reserved forests?

Mr. R. Dhanukoti Pillai: I am coming to that point.

There is an erroneous impression that all the land which has been brought under reservation is useful to the Forest Department from the revenue point of view or for other purposes. Sir, the area under reservation at present is about 2,400 square miles. I would like to point out to the House that of this area, only 1,500 square miles are really reserves from which revenue can be expected in the form of timber, etc. The rest of the area, namely 900 square miles, has to be maintained as reserved forest for climatic reasons. Sir, our country is so hilly that unless a large tract is preserved as forest, the rain falling in the hills will be brought down to the plains so rapidly that it will cause erosion of the soil, floods in the rivers, spilling of banks and destruction of cultivation in enormous quantities. It is for that purpose that we have to reserve the hilly tracts. Even of this area of 1,500 square miles, 200 square miles will come under the catchment area of the Periyar lake where registry is not allowed. Another 200 square miles is under the K. D. H. P. Company. Another area of 200 square miles is under cardamom cultivation in the High Range Division where, though the Forest Department have a sort of dual control, the question of assignment of lands is mostly with the Land Revenue Department. We have to concern ourselves only with the rest of the area.

LIBRARY ARCHIVES Kerala Legislative Assembly

Mr. Sayed M. Bava: ഇവിടത്തെ പ്രധാന ആഹാരസാധനമായ നെല്ലും അരിയും അന്യ നാട്ടിൽ നിന്നുമാണു വരുന്നതെന്നു മെമ്പക്കറിയാമോ?

Mr. R. Dhanukoti Pillai: Though we have a sort of dual control over lands, the question of assignment of lands is mostly the function of the Revenue Department. Only with the area available with us we have to consider the question.

Mr. Komilezhathu Sankaran: How much will that area come to?

Mr. R. Dhanukoti Pillai: About 1500 sq. miles.

Mr. Sayed M. Bava: നമ്മുടെ ആഹാരസാധനമായ നെല്ലും അരിയും അന്യനാട്ടിൽനിന്നാണു് ഇവിടെ വരുന്നതെന്നു മെമ്പക്കറിയാമോ?

Mr. R. Dhanukoti Pillai: ഞാൻ അതിനെപ്പറ്റി പറയുന്നില്ല. All the same, I must say that the Government are not unaware of the needs of the people. The disafforestation of forests was taken up seriously by Government about the year 1906 when Mr. Gopalachari was the Dewan here. He got reports from various officers on the subject and held a conference. It was decided then that no more land should be reserved, but at the same time, as the pressure of population increases if suitable lands are found fit for cultivation, such lands should be disafforested. The policy laid down then is being followed up to now with suitable changes. But the needs of the people varied and Government had to adjust their policy according to the demands of the people. Subsequently Government passed orders with regard to disafforestation of swampy areas that were easily accessible to the people. Every one must be aware that there were taluk committees set up for several taluks and about two thousand acres were disafforested. Later on, the northern outlet road was opened. As the road passed through forests for several miles it was decided to disafforest certain tracts of forest land all along the road to settle down people, and to make the road popular. Accordingly, about two thousand acres were disafforested on either sides of the road. From all these it will be seen that the Government were yielding to the demands of the people whenever possible. Again another recommendation was made by the Forest Department for the disafforestation of Mannamkandam area. Those are extensive areas suitable for paddy cultivation. Proposals for disafforestation of the area emanated from the Forest Department long before Government conceived the idea of opening the Neriamangalam Pallivasal road. After the completion of this

LIBRARY ARCHIVES Kerala Legislative Assembly

[Mr. R. Dhanukoti Pillai.]

road Government have now ordered disafforestation of this year, an extent of 3000 acres. Apart from that, it has not been the policy of the Forest Department to reserve to themselves lands which could otherwise be made use of by the public. So, wherever there has been a demand from the people, judicious disafforestation, to quote Mr. K P. Nilakanta Pillai, has been the policy of Government. Recently an area of about 800 acres was made available for the public near Vandanmettu. Whether those lands will be fit for paddy cultivation is being examined by the Director of Agriculture. Therefore I submit that, consistent with the idea of reservation, the Forest Department has been quite alive to the needs of the country.

I am glad my friend Mr. Kattakayam had not much to say about my department, though he was very vehement about other departments.

Mr. A. N. Visvanatha Pillai : റിസർവ്വ് ഫാറസ്റ്റിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതുകൊണ്ടു മലമ്പ്രദേശങ്ങളിൽ മലമ്പനി വർദ്ധിക്കുകയല്ലേ ചെയ്യുന്നതു്?

Mr. R. Dhanukoti Pillai: In regard to Mr. Visvanatha Pillai's point, from my own personal experience and also from other people I have to state that the investigations conducted show that malaria exists only outside the reserve area.

Mr. S. Piraviperumal Pillai: If the forests are disafforested will not the wild animals come to the town parts ?

Mr. R. Dhanukoti Pillai: Yes. There are complaints to say that wild elephants are devastating tea plantations. Mr. Eric Hall would testify to that.

Mr. Komilezhathu Sankaran : For that, is there not a Warden of Games ?

Mr. R. Dhanukoti Pillai: Then it was pointed out that there was difficulty of getting timber.

Mr. J. John Kattakayam : ഫ്റാസ്റ്റ് ഡിപ്പാർട്ടുമെന്റിനെപ്പറ്റി ഞാൻ ഒന്നും പറഞ്ഞില്ല എന്നു മെമ്പർ പ്രസ്താവിച്ചിട്ടു് ഇപ്പോൾ ഇതു പറയാനുണ്ടായ കാരണമെന്താണു്?

Mr. R. Dhanukoti Pillai: മറ്റു ഡിപ്പാർട്ടുമെന്റുകളെ സംബന്ധിച്ചു പറഞ്ഞിടത്തോളം നിശിതമായും കർക്കശമായും ഫ്റാസ്റ്റ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു പറഞ്ഞില്ല എന്നാണു ഞാൻ പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

In regard to that matter, Sir, several depots for the sale of timber were opened in interior localities. But there was nobody to buy the timber. Hence they were all stopped one by one.

Mr. M. P. Madhavan Pillai raised the question of royalty on trees ; that could only go to the owners of lands.

Mr. Narayana Aiyar referred to minor forest produce and spoke about the enormous revenue that could be derived out of it. That is another mistaken notion. We have not got much in our forests in the form of minor forest produce as some people seem to think. In the northern division which is familiar to Mr. Narayana Aiyar, the minor forest produce is leased out for about thousand rupees a year. The lease holder gets not much out of it. Excepting *eencha* which could be sold during Sivaratri festival nothing else is collected by the lease-holder. All the return he gets is from *eencha* alone.

Mr. J. John Kattakayam: നമ്മുടെ വനങ്ങളിൽ അരക്കില്ലയോ?

Mr. R. Dhanukoti Pillai: ഇല്ലല്ലോ.

Mr. J. John Kattakayam: മുമ്പുണ്ടായിരുന്നില്ലേ?

Mr. R. Dhanukoti Pillai: ധാരാളമായിട്ടുണ്ടായിരുന്നില്ല. വല്ലയും ഒരു റാത്തലൊ രണ്ടു റാത്തലൊ കാണും.

Mr. J. John Kattakayam: ഞാൻ വനത്തിൽക്കൂടി സഞ്ചരിക്കുമ്പോൾ എനിക്കു അരക്കു കിട്ടിട്ടുണ്ടല്ലൊ.

Mr. R. Dhanukoti Pillai: വളരെ കുറച്ചുമാത്രമെ കാണുകയുള്ളൂ.

Then Mr. Narayana Aiyar referred to the *eeta* sent to the Titaghur Mills for experiment. I am glad to say that we have received a very favourable report from them. The experiment conducted by the Titaghur Mills has turned out quite a success. But to make themselves doubly sure, they have asked for an additional quantity of *eeta* to be supplied to them as early as possible. Samples of paper made out of our *eeta* are available with Government.

Mr. G. Narayana Aiyar: Will that report be made available for the members.

Mr. R. Dhanukoti Pillai: There is no elaborate report. But they have simply stated that the results were very satisfactory. To conduct experiments on a bigger scale, they have asked for additional quantity of *eeta*.

LIBRARY ARCHIVES Kerala Legislative Assembly

Mr. G. Narayana Aiyar: May I know whether the possibility of establishing a factory at Alwaye as was once contemplated could be thought of now?

Mr. R. Dhanukoti Piilai: It is expected that the Titaghur Mills may open a branch of their own at Alwaye. In order to make themselves doubly sure, they have asked for another 100 tons of *eeta* being sent to them again. We sent them 36 tons previously.

Mr. G. Narayana Aiyar: What would be the probable quantily of *eeta* that could be collected from our forests every year?

Mr. R. Dhanukoti Pillai: A report on that was published by me. I had estimated about 19,000 tons.

Chairman: I put to the vote of the House the motion to omit the allotmemt under Forest.

The motion was lost.

Chairman: I put to the vote of the House Demand X—Forest—for Rs. 7,52,848.

The motion was carried.

The grant was made.

DEMAND XI—STAMPS.

Rao Bahadur A. Rengasvami Aiyar (*Financial Secretary, to Government*): Sir, I beg to move for a grant not exceeding Rs. 67,908 under Demand XI— Stamps.

Mr. J. John Kattakayam: സർ, സ്റ്റാമ്പിനെപ്പററി ചില സംഗതികാം ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ളതാണ് എന്റെ ഉദ്ദേശം.

സ്റ്റാമ്പുകാം പല സ്ഥലങ്ങളിലും ചിലപ്പോാം കിട്ടാൻതന്നെ വിഷമമാണ്. അതു കിട്ടാത്തതുകൊണ്ടു പലക്കും അന്യായംകൊടുക്കുന്നതിനു കൂടി സാധിക്കാതെ ചിലപ്പോാം വരുന്നുണ്ട്. കോടതികളിൽ ചോദിച്ചാലെങ്കും സ്റ്റാമ്പുകിട്ടാതെ വരുന്നു. ഈ തലസ്ഥാനനഗരിയിൽ പോലും സ്റ്റാമ്പുകിട്ടാതെ വക്കീലന്മാരും മറും വിഷമിച്ച അവസരം ഉണ്ടായിട്ടുള്ളതായി ഇവിടെയുള്ള ബഹുമാനപ്പെട്ട മെംബറന്മാരിൽനിന്നു തന്നെ അറിവാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്തു് ഒരു പക്ഷെ വട്ടവാശി കിട്ടുമായിരിക്കും. മറുള്ള സ്ഥലങ്ങളിലെങ്കും വട്ടവാശി കൊടുക്കുകയില്ല. ഫീസു തീർപ്പിക്കുന്നതിൽ ഒരു വ്യവസ്ഥയുമില്ല. ഇവകകാര്യങ്ങളിൽ അക്കൌണ്ടാഫീസുകാർ ഒരു പരിശോധനയും നടത്തുന്നില്ല. സിവിംകോടതികളിൽ സ്റ്റാമ്പുകളുടെ കണക്കു പരിശോധിക്കുന്നതിനു ഹെഡ് ക്ലാർക്കുംമറും നിയോഗിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മറുള്ള സ്ഥല

LIBRARY ARCHIVES Kerala Legislative Assembly